MAR REMIGIOSE INCHANANIYIL
Bishop of Thamarassery

സർക്കുലർ 28/2025

# റൂബി ജൂബിലി – ഡിസംബർ മാസം കർമ്മപരിപാടികൾ

മിശിഹായിൽ പ്രിയപ്പെട്ട വൈദികരേ, സമർപ്പിതരേ, സഹോദരി സഹോദരന്മാരേ,

താമരശ്ശേരി രൂപത സ്ഥാപിതമായതിന്റെ നാല്പതാം വാർഷികത്തോട് അനുബന്ധിച്ച് ഡിസംബർ മാസത്തിലെ കർമ്മപരിപാടികളിലേക്ക് നാം പ്രവേശിക്കുകയാണല്ലോ. സമുദായ ബോധവത്കരണത്തെ ലക്ഷ്യമാക്കി കുടിയേറ്റ അനുസ്മരണ സെമിനാർ ഉൾപ്പെടെ നിരവധി പ്രവർത്തനങ്ങൾക്കാണ് നവംബർ മാസം സാക്ഷിയായത്. കുടുംബശാക്തീകരണത്തിനുള്ള ഡിസംബറിലെ ജൂബിലിയാചരണങ്ങൾക്ക് നേതൃത്വം നല്കുന്നത് രൂപതാ മാതൃവേദിയും കുടുംബക്കൂട്ടായ്മയുടെ പ്രേഷിതവിഭാഗവുമാണ്.

'ഓരോ കുടുംബവും സഭയുടെ ചെറിയ പതിപ്പാണ്' എന്ന് വി. ജോൺപോൾ രണ്ടാമൻ മാർപാപ്പ പഠിപ്പിക്കുന്നു. സ്നേഹത്തിന്റെ ഭവനമായ കുടുംബം ആത്മീയതയുടെ പരിശീലന കളരിയും വിശ്വാസ രൂപീകരണത്തിന്റെ പിള്ളത്തൊട്ടിലുമാണ്. മാതൃകാ ക്രൈസ്തവ കുടുംബങ്ങളാണ് ക്രിസ്തുവിനേയും സഭയേയും പൊതുസമൂഹത്തിൽ പരിചയപ്പെടുത്തുന്നതും അവർക്ക് സുവിശേഷത്തെ സ്നേഹിക്കുന്നതിനു പ്രേരകശക്തിയായി മാറുന്നതും. ഒരു പ്രദേശത്തെ ക്രൈസ്തവകുടുംബങ്ങൾ ചേർന്നുള്ള കൂട്ടായ്മകൾ വിശ്വാസവും സ്നേഹവും പങ്കുവയ്ക്കാനും ക്രിസ്തു പകർന്നുതന്ന പ്രേഷിത അവബോധത്തിൽ ജീവിക്കാനുമുള്ള അജപാലനസംവിധാനവും സഭാഘടകവുമാണ്. സ്നേഹത്തിന്റെയും സൗഹൃദത്തിന്റെയും വിശ്വാസത്തിന്റെയും പ്രാർഥനയുടെയും അടിത്തറയിൽ ആദിമക്രൈസ്തവ സഭയെപോലെ (അപ്പ 2, 4-6) കൂട്ടായ്മ അനുഭവത്തിലൂടെ ദൈവരാജ്യത്തിന് ഭൂമിയിൽ സാക്ഷ്യം വഹിക്കുവാൻ ഓരോ കുടുംബകൂട്ടായ്മയ്ക്കും സാധിക്കട്ടെ എന്ന് പ്രാർഥിക്കുന്നു.

ചലനാത്മകമായ കുടുംബത്തിന്റെ പ്രധാനപ്പെട്ട കണ്ണിയാണ് അമ്മമാർ. സംസ്കാര സമ്പന്നമായ സമൂഹ നിർമ്മിതിയിൽ അവരുടെ പങ്ക് വർണ്ണനാതീതമാണ്. സ്വാർഥതയുടെ സംസ്കാരം ഏറിവരുന്ന സമകാലീന ലോകത്ത് നിസ്വാർഥതയുടെ, ആർദ്രതയുടെ, അലിവിന്റെ സംസ്കാരം രൂപീകരിക്കാൻ, സുരക്ഷിതമായ തലമുറയെ വാർത്തെടുക്കാൻ, മാതൃത്വം അനിവാര്യമാണ്. രൂപതയുടെ ആത്മീയ മുന്നേറ്റത്തിൽ വലിയ പങ്കു വഹിക്കുന്ന സീറോ മലബാർ മാതൃവേദി, സ്ത്രീകളുടെ കൂട്ടായ്മ സഭയുടെ നന്മയ്ക്കും വളർച്ചയ്ക്കും അത്യാവശ്യമാണെന്നുള്ള കാഴ്ചപ്പാടിൽ നമ്മുടെ രൂപതയിൽ വ്യത്യസ്ത മേഖലകളിൽ പ്രവർത്തിക്കുന്നു. പതിനായിരത്തോളം സജീവാംഗങ്ങളുള്ള മാതൃവേദി കാരുണ്യ പ്രവൃത്തികൾ ഉൾപ്പെടെ നിരവധി ക്ഷേമ പ്രവർത്തനങ്ങളിലാണ് ഏർപ്പെട്ടിരിക്കുന്നത്.

വിവാഹത്തിന്റെ നാല്പതാം വാർഷികം ആഘോഷിക്കുന്ന ദമ്പതികളെ ആദരിക്കൽ, രൂപതയിലെ മുഴുവൻ അമ്മമാരേയും സംഘടിപ്പിച്ചുകൊണ്ട് നമ്മുടെ പരമ്പരാഗത കലാരൂപമായ മാർഗംകളിയുടെ മെഗാ ഈവന്റ്, കരോൾ ഗാനമത്സരം, കുക്കറി ഷോ

Bishop's House, P .B. No. 1, Thamarassery P.O., Calicut - 673 573, Kerala, India
Phone : 0495 - 2223376, 2223019 (P+ Fax)
Web: www.dioceseofthamarassery.org
Email : remigiusm@hotmail.com, diocesetmy09@gmail.com

എന്നീ പരിപാടികളാണ് മാതൃവേദിയുടെ നേതൃത്വത്തിൽ റൂബിജൂബിലിയുടെ ഭാഗമായി ഈ മാസം രൂപപ്പെടുത്തിയിരിക്കുന്നത്. കുടുംബ കൂട്ടായ്മ ഭാരവാഹികൾക്കുവേണ്ടിയുള്ള കൺവെൻഷൻ, ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വ്യക്തികളുടെയും കുടുംബങ്ങളുടെയും സംഗമങ്ങൾ, പിറവിത്തിരുന്നാളിന് ഒരുക്കമായി വി.ഗ്രന്ഥവായനയെ പ്രോൽസാഹിപ്പിക്കുന്ന പദ്ധതികൾ എന്നിവ കുടുംബക്കൂട്ടായ്മ അപ്പോസ്തോലേറ്റിന്റെ നേതൃത്വത്തിലും ഒരുക്കിയിരിക്കുന്നു.

വികാരിയച്ചന്മാരും കുടുംബക്കൂട്ടായ്മാ ഭാരവാഹികളും മാതൃവേദി അംഗങ്ങളും നിങ്ങൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നല്കുന്നതാണ്. നമ്മുടെ രൂപതയുടെ നാല്പതാം വാർഷികത്തിന്റെ കർമ്മപരിപാടികൾ ദൈവാനുഗ്രഹപ്രദമാകാൻ നിങ്ങൾ എല്ലാവരുടെയും നിർലോഭമായ സഹകരണം പ്രതീക്ഷിക്കുകയും പ്രാർഥിക്കുകയും ചെയ്യുന്നു.

പരിശുദ്ധ കന്യകാമറിയവും കുടിയേറ്റ ജനതയുടെ മധ്യസ്ഥനായ വിശുദ്ധ യൗസേപ്പും രൂപതാ മധ്യസ്ഥയായ വിശുദ്ധ അൽഫോൻസയും ഡിസംബർ മാസത്തിലെ ജൂബിലിയാചരണങ്ങൾ വിജയപ്രദവും കൃപാസമൃദ്ധവുമാകാൻ പ്രാർഥനയിലൂടെ നമ്മെ സഹായിക്കട്ടെ.

ഈശോയിൽ സ്നേഹപൂർവം,

+ Remigiose

✠ **മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**
താമരശ്ശേരി രൂപതയുടെ മെത്രാൻ

REMIGIOSE INCHANANIYIL ★ BISHOP OF THAMARASSERY ★

---

നവംബർ 30 ഞായറാഴ്ച വി. കുർബാനമധ്യേ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും ഈ സർക്കുലറിന്റെ ഉള്ളടക്കം അറിയിക്കുകയോ വിശദീകരിക്കുകയോ ചെയ്യേണ്ടതാണ്.

Bishop’s House, P .B. No. 1, Thamarassery P.O., Calicut - 673 573, Kerala, India
Phone : 0495 - 2223376, 2223019 (P+ Fax)
Web: www.dioceseofthamarassery.org
Email : remigiusm@hotmail.com, diocesetmy09@gmail.com